പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 129

# 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 129

# 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

1034/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 129

# 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017-ലെ 16-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ജനുവരി 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിന്റെ (2017-ലെ 16-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)3-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതും ഒരു റീജിയണൽ ആഫീസ് കൊച്ചിയിൽ ഉണ്ടായിരിക്കുന്നതുമാണ്.".

(2) (4) -ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാളോ, സർക്കാരിലോ പൊതുമേഖലയിലോ വൻകിട തുറമുഖങ്ങളിലോ മാരിടൈം

ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ/ മാനേജിംഗ് ഡയറക്ടർ/വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ ഭരണപരിചയമുള്ള ആളോ ആയിരിക്കേണ്ടതുമാണ്.”.

(ബി) (ii)-ാം ഇനത്തിൽ, "പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (ix)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“(x) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ : മെമ്പർ സെക്രട്ടറി.”.

(3) (5)-ാം ഉപവകുപ്പിൽ, "അഞ്ചു" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ “ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി” എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം “സർക്കാരിന് സ്വമേധയോ അല്ലെങ്കിൽ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ അവസാനമായി താഴെപ്പറയുന്ന വാചകം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"കൂടാതെ സർക്കാരിന്റെ താത്പര്യങ്ങൾക്കനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നതെന്നും സാമ്പത്തികമായ കരുതലുകൾ ഉൾപ്പെടെ, എല്ലാ നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും സൂക്ഷ്മമായി പാലിക്കുന്നുണ്ടെന്നും അദ്ദേഹം ഉറപ്പുവരുത്തേണ്ടതാണ്.”.

5. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "വിജ്ഞാപനം" എന്ന വാക്കിന് പകരം "ഉത്തരവ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

6. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

“(1 എ) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ബോർഡിന്റെ എല്ലാ ഇടപാടുകളിലും സാമ്പത്തികമര്യാദ ഉറപ്പുവരുത്തുക എന്നത് ധനകാര്യ-കണക്കുകളുടെ കൺട്രോളറുടെ കർത്തവ്യമാണ്.”.

7. 17-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് പകരം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17. തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേകവ്യവസ്ഥകൾ.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖകാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സൂപ്പറാന്വേഷനോടുകൂടി, അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നുംതന്നെ പ്രസ്തുത ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിർണ്ണയിക്കപ്പെടാവുന്നവിധത്തിൽ ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിനെ തടയുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരെ പ്രസ്തുത വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട അവരുടെ അവകാശങ്ങൾക്ക് ഹാനി വരുത്താത്ത വിധത്തിൽ അവരുടെ സേവനം വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ അപ്രകാരം തുടരുന്ന സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്കനടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ വിരമിക്കുന്നതോടുകൂടി പ്രസ്തുത തസ്തികകൾ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്.

(5) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നിശ്ചയിക്കപ്പെട്ട ദിവസം ബോർഡിലെ ജീവനക്കാരായി മാറിയവർക്ക് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനെ തുടർന്ന് യാതൊരുവിധ മാറ്റങ്ങളോ സീനിയോറിറ്റി നഷ്ടമോ സേവന വേതന വ്യവസ്ഥയിൽ ദോഷകരമായ മറ്റ് യാതൊരുവിധ മാറ്റങ്ങളോ കൂടാതെതന്നെ സർക്കാർ ജീവനക്കാരായി തുടരാവുന്നതാണ്. ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ ബോർഡിലെ ജീവനക്കാരായി മാറിയ ജീവനക്കാരെ തിരിച്ച് സർക്കാർ ജീവനക്കാരായി മാറ്റുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം അതിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

8. <u>18-ാം വകുപ്പ് വിട്ടുകളയൽ.</u>—പ്രധാന ആക്റ്റിലെ 18-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

9. <u>90-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 90-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,"ഗൗരവമേറിയ അടിയന്തരഘട്ടമെന്ന കാരണത്താൽ" എന്ന വാക്കുകൾക്ക് പകരം "ഉത്തരവിൽ പറയുന്ന കാരണങ്ങളാൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിന് കീഴിലുള്ള പൊതു നിബന്ധന വ്യവസ്ഥയിൽ "വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക്, ബോർഡിനെ അതിലംഘിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക് ഈ ആക്റ്റിൻകീഴിൽ വ്യവസ്ഥചെയ്തിട്ടുള്ള ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(സി) (ബി) ഖണ്ഡത്തിന് ശേഷമുള്ള ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ " സർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ" എന്ന വാക്കുകൾക്ക് പകരം "സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (സി) ഖണ്ഡത്തിൽ, "സർക്കാരിൽ" എന്ന വാക്കിന് പകരം "(1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്ററിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ "ആറ് മാസത്തിൽ കവിയാത്ത" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (സി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പ്രസ്തുത" എന്ന വാക്കിന് പകരം "ഈ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. <u>91-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 91-ാം വകുപ്പിലെ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) "നയപരമായ നിർദ്ദേശങ്ങൾ" എന്ന വാക്കുകൾക്ക് പകരം "പ്രാധാന്യമുള്ള കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ, "നയപരമായ ഒന്നാണോ" എന്ന വാക്കുകൾക്ക് പകരം "പ്രാധാന്യമുള്ള കാര്യമാണോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

11. 92-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 92-ാം വകുപ്പിൽ, "ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായി" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന സർക്കാരുമായും ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. സാധൂകരണം.— 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2022 ലെ 9) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിതീർന്നിരുന്നാൽതന്നെയും ,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിതീർന്നതിനു ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിതീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്ന എന്നതുപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാന നിയമസഭ പാസാക്കിയ 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കേരള മാരിടൈം ബോർഡ് രൂപീകരിക്കുകയും തുറമുഖ

ഡയറക്ടറേറ്റിന്റെയും, കേരള സംസ്ഥാന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടേയും ആസ്തികളും ബാധ്യതകളും മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി. തുറമുഖ ഡയറക്ടറേറ്റിലേയും മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരെയും ബോർഡിലെ ജീവനക്കാരായി മാറ്റുന്നതിനും വിജ്ഞാപന പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

2. ബോർഡിന്റെ ഭരണപരമായ സൗകര്യത്തിന് വേണ്ടി ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആക്കുന്നതിനും ഒരു മേഖലാ ഓഫീസ് കൊച്ചിയിൽ സ്ഥാപിക്കുന്നതിനും ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെയർമാന്റെ യോഗ്യത പുനർനിശ്ചയിക്കുകയും ബോർഡിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാന്റെയും വൈസ് ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി മൂന്ന് വർഷമാക്കി നിജപ്പെടുത്തുന്നതിനും കൂടാതെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡിന്റെ മെമ്പർ സെക്രട്ടറിയാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ സർക്കാരിന്റെ ചട്ടങ്ങളും നടപടിക്രമങ്ങളും ബോർഡ് സൂക്ഷ്മമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. ബോർഡിലേയ്ക്ക് മാറ്റപ്പെട്ട ജീവനക്കാർ സർക്കാർ ജീവനക്കാർ അല്ലാതായി തീരുമെന്ന ആശങ്കകൾ ഉന്നയിച്ച് കൊണ്ട് ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ബഹു. കോടതി പ്രസ്തുത വിഷയത്തിന്മേൽ പരാതിക്കാരുടെ പ്രതിനിധികളുടെ ആവശ്യങ്ങൾ പരിഗണിച്ച് തീരുമാനമെടുക്കാൻ സർക്കാരിനോട് നിർദ്ദേശിച്ച പശ്ചാത്തലത്തിൽ സർക്കാർ ആയതിനനുസൃതമായി തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരാൻ അനുവദിക്കുവാൻ തീരുമാനിച്ചു. കൂടാതെ ബോർഡിന്റെ ഭരണപരവും സാമ്പത്തികപരവുമായ കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സർക്കാർ ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനും തീരുമാനിച്ചു. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് വേണ്ടി 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിൽ ഭേദഗതികൾ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

3. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് 2022 ജനുവരി മാസം 17-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും, ആയത് 2022-ലെ 2-ാം നമ്പർ ഓർഡിനൻസായി 2022 ജനുവരി 19-ാം തീയതിയിലെ 234-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2022 ഫെബ്രുവരി 18-ാം തീയതി ആരംഭിച്ച് 2022 മാർച്ച് 18-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് 2022 മാർച്ച് 31-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2022-ലെ 9-ാം നമ്പർ ഓർഡിനൻസായി 2022 മാർച്ച് 31-ാം തീയതിയിലെ 1099-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിന് പകരം ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 114-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് 2022 ജൂൺ 27 മുതൽ 2022 ജൂലൈ 21 വരെ നടന്ന പതിനഞ്ചാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

7. പ്രസ്തുത ഓർഡിനൻസിന് 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായി തീർന്നതിനാലും അതിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതുള്ളതിനാലും, പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞ ശേഷവും ബിൽ പാസ്സാക്കി ആക്റ്റായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്കുമുമ്പ് വരെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത എല്ലാ കാര്യങ്ങൾക്കും നടപടികൾക്കും സാധൂകരണം നൽകികൊണ്ട് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

തുറമുഖ വകുപ്പിലെ ജീവനക്കാരാണ് നിലവിൽ കേരള മാരിടൈം ബോർഡിലേക്ക് പുനർവിന്യസിക്കപ്പെട്ടിരിക്കുന്നത്. നിലവിൽ മാരിടൈം ബോർഡിലെ ജീവനക്കാരുടെ ശമ്പളം, ബത്ത, മറ്റ് ആനുകൂല്യങ്ങൾ, പെൻഷൻ എന്നിവ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നാണ് ചെലവഴിക്കുന്നത്. അതുകൊണ്ട് അവർ കേരള മാരിടൈം ബോർഡിലേക്ക് മാറിയാലും സർക്കാർ ഖജനാവിന് അധിക ബാധ്യതയൊന്നും ഉണ്ടാകുന്നതല്ല. ഓപ്ഷൻ നൽകി കേരള മാരിടൈം ബോർഡിലെ ജീവനക്കാരാകുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ ബോർഡ് തന്നെയാണ് നൽകേണ്ടത്.

2. കൂടാതെ കേരള മാരിടൈം ബോർഡിലെ ജീവനക്കാരായി മാറാത്ത ഉദ്യോഗസ്ഥരുടെ സേവനം ബോർഡ് ഉപയോഗിക്കുന്നതുകൊണ്ട് ശമ്പള ഇനത്തിൽ സർക്കാരിന് ചെലവാകുന്ന തുകയും, ബോർഡിൽ എത്തിയതിനുശേഷം വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ സർക്കാർ നൽകുന്നതിനാലും, ടി ജീവനക്കാരുടെ സേവനം അന്യത്ര സേവനം എന്നതുപോലെ കണക്കാക്കി കേരള സർവ്വീസ് റൂൾസ്, ഭാഗം 1 ചട്ടം 146 പ്രകാരം പെൻഷൻ അംശാദായത്തിന്റെയും അവധി വേതന അംശാദായത്തിന്റെയും സംയോജിതമായ നിരക്ക് (ശമ്പള സ്കെയിലിന്റെ മാക്സിമത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം) കേരള മാരിടൈം ബോർഡിൽ നിന്ന് സർക്കാരിന് ഈടാക്കാവുന്നതാണ്.

3. ആയതിനാൽ മേൽ ഭേദഗതികൾ നടപ്പിലാക്കുന്നത് മൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 17-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, തുറമുഖ ഡയറക്ടറേറ്റിലും കാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിന് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

അഹമ്മദ് ദേവർകോവിൽ

## 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2017-ലെ 16-ാം ആക്റ്റ്)

** ** ** **

3. കേരള മാരിടൈം ബോർഡ് സ്ഥാപിക്കൽ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം എത്രയും പെട്ടെന്ന്, സർക്കാരിന്, വിജ്ഞാപനം വഴി 'കേരള മാരിടൈം ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് സ്ഥാപിക്കാവുന്നതാണ്.

** ** ** **

(3) ബോർഡിന്റെ ആസ്ഥാനം കൊച്ചി ആയിരിക്കുന്നതാണ്.

(4) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്.—

** ** ** **

(ii) വൈസ് ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത് നിയമിക്കേണ്ടതും അദ്ദേഹം കേരള സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാൾ ആയിരിക്കേണ്ടതുമാണ് ;

** ** ** **

(ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് അംഗങ്ങൾ : അംഗങ്ങൾ

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാൻ, വൈസ്-ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ കാലാവധി പരമാവധി അഞ്ചു വർഷം ആയിരിക്കണം.

** ** ** **

(8) അധികാരങ്ങൾ ഏൽപ്പിച്ചു നൽകൽ.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ബോർഡിനു നൽകിയിട്ടുള്ളതോ ബോർഡിൽ ചുമത്തപ്പെട്ടതോ ആയതും, സർക്കാരിന്റെ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ളതുമായ അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും,അങ്ങനെയുള്ള നിർദ്ദേശത്തിൽ വ്യക്തമാക്കുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ കൂടി വിനിയോഗിക്കുന്നതിനും നിർവ്വഹിക്കുന്നതിനും, നിർദ്ദേശിക്കാവുന്നതാണ്.

(9) <u>ചെയർമാന്റെയും, വൈസ് ചെയർമാന്റെയും, ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും കർത്തവ്യങ്ങൾ</u>.—

** ** ** **

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ബോർഡിന്റെ ഓരോ യോഗത്തിനും ശേഷം അങ്ങനെയുള്ള യോഗത്തിന്റെ മിനിട്സിന്റെ ഒരു പകർപ്പ്, കഴിയുന്നത്ര വേഗം, എന്നാൽ ഓരോ യോഗത്തിനും ശേഷം പതിനഞ്ച് ദിവസങ്ങൾ കവിയാതെ, സർക്കാരിനും ബോർഡിലെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതും സർക്കാരിന്, അതത് സമയം ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിപ്പോർട്ടുകൾ, റിട്ടേണുകൾ, രേഖകൾ അല്ലെങ്കിൽ മറ്റു വിവരങ്ങൾ നൽകേണ്ടതുമാണ്.

** ** ** **

13. <u>ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ</u>.—(1) സർക്കാരിന് വിജ്ഞാപനം വഴി, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാവുന്നതാണ്.

** ** ** **

14. <u>ബോർഡിന്റെ ധനകാര്യ-കണക്കുകളുടെ കൺട്രോളറും ഉദ്യോഗസ്ഥരും ജീവനക്കാരും</u>.—(1) ബോർഡ്, സർക്കാരിന്റെ മുൻകൂട്ടിയുള്ള ലിഖിതമായ അനുമതിയോടുകൂടി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകൾ ഉള്ള ഒരാളെ ധനകാര്യ-കണക്കുകളുടെ കൺട്രോളറായി നിയമിക്കേണ്ടതാണ്. സർക്കാരിന്, അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളോടും വ്യവസ്ഥകളോടും കൂടി അങ്ങനെയുള്ള നിയമനത്തിന് അനുമതി നൽകാവുന്നതാണ്.

** ** ** **

17. <u>തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ ബോർഡിലേക്ക് മാറ്റം ചെയ്യൽ</u>.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതൽക്കും തുറമുഖ ഡയറക്ടറേറ്റിലെയും തുറമുഖ കാര്യാലയങ്ങളിലെയും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിത്തീരുന്നതും, ബോർഡിലേക്ക് മാറ്റം ചെയ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റു കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതുവരെയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റെഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ്.

18. <u>പ്രോവിഡന്റ് ഫണ്ടിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും ഉള്ള ശേഖരം കൈമാറ്റം ചെയ്യൽ.</u>—17-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലും സൂപ്പർ ആന്വേഷൻ ഫണ്ടുകളിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും വരവു വെച്ചിട്ടുള്ള തുക, ഏതെങ്കിലും ഉണ്ടെങ്കിൽ, തുറമുഖ ഡയറക്ടറേറ്റോ തുറമുഖ കാര്യാലയമോ, അത് ബോർഡിന് കൈമാറേണ്ടതും പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട ബാധ്യതകൾ ബോർഡിന്റെ ബാധ്യതകളായിരിക്കുന്നതുമാണ്.

** ** ** **

90. <u>ബോർഡിനെ അതിലംഘിക്കാനുള്ള സർക്കാരിന്റെ അധികാരം.</u>—(1) സർക്കാരിന്, ഏതൊരു സമയത്തും,—

(എ) ഗൗരവമേറിയ അടിയന്തരഘട്ടമെന്ന കാരണത്താൽ ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾപ്രകാരമോ അതിൻകീഴിലോ ബോർഡിൻമേൽ ചുമത്തിയ കർത്തവ്യങ്ങൾ അതിന് നിർവ്വഹിക്കുവാൻ കഴിയില്ലെന്ന് അഭിപ്രായമുള്ള പക്ഷം; അല്ലെങ്കിൽ

(ബി) ബോർഡ്, ഈ ആക്റ്റിലെയോ മറ്റ് ഏതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾപ്രകാരമോ അതിൻകീഴിലോ അതിൻമേൽ ചുമത്തപ്പെട്ട കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ തുടർച്ചയായ വീഴ്ച വരുത്തിയെന്നും അപ്രകാരമുള്ള വീഴ്ചയുടെ ഫലമായി, ബോർഡിന്റെ സാമ്പത്തികസ്ഥിതിയിലോ അല്ലെങ്കിൽ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിലോ ഗണ്യമായ നിലവാരത്തകർച്ച ഉണ്ടായിട്ടുണ്ടെന്നും അഭിപ്രായമുള്ളപക്ഷം, സർക്കാരിന്, വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക്, ബോർഡിനെ അതിലംഘിക്കാവുന്നതാണ് :

എന്നാൽ, (ബി) ഖണ്ഡത്തിൽ പറയുന്ന കാരണങ്ങൾക്കായി ഈ ഉപവകുപ്പു പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ്, ബോർഡിനെ അതിലംഘിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിക്കേണ്ടതുമാണ്.

(2) ബോർഡിനെ അതിലംഘിച്ചുകൊണ്ട് (1)-ാം ഉപവകുപ്പുപ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ,—

** ** ** **

(ബി) ഈ ആക്റ്റിലേയോ മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ ബോർഡിനാലോ അതിനു വേണ്ടിയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാമായിരുന്നതോ ആയ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും

(3)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ സർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്;

(സി) (3)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡമോ അല്ലെങ്കിൽ (സി) ഖണ്ഡമോ പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ സ്വത്തുക്കളും സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന അതിലംഘനത്തിനുള്ള കാലാവധി അവസാനിക്കുമ്പോൾ സർക്കാരിന്,—

(എ) ആറ് മാസത്തിൽ കവിയാത്ത അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അധികകാലയളവിലേക്ക്, അതിലംഘനത്തിനുള്ള കാലാവധി ദീർഘിപ്പിക്കാവുന്നതാണ്; അല്ലെങ്കിൽ

** ** ** **

(സി) അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്ക് മാത്രം നിയമനം മുഖേന ബോർഡ് പുനഃസംഘടിപ്പിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡപ്രകാരം പദവി ഒഴിഞ്ഞ ഏതൊരാളെയും ബോർഡിനെ അതിലംഘിക്കപ്പെട്ടപ്പോൾ അതിൽ അംഗങ്ങളായിരുന്നുവെന്ന കാരണത്താൽമാത്രം നിയമനത്തിന് അയോഗ്യനായി കരുതാൻ പാടില്ലാത്തതുമാണ്;

എന്നാൽ, (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമോ, പ്രസ്തുത ഉപവകുപ്പ് പ്രകാരം ദീർഘിപ്പിച്ച നൽകിയതോ ആയ അതിലംഘനത്തിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ്, ഏതൊരു സമയത്തും സർക്കാരിന്, ഈ ഉപവകുപ്പിന്റെ (ബി) ഖണ്ഡമോ, (സി) ഖണ്ഡമോ പ്രകാരം നടപടി എടുക്കാവുന്നതാണ്.

** ** ** **

91. <u>സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ</u>.—(1) സർക്കാരിന്, അത് യുക്തമെന്ന് കരുതുന്നതോ അല്ലെങ്കിൽ ആക്റ്റിന്റെ ലക്ഷ്യം നിറവേറ്റുന്ന ആവശ്യത്തിലേക്ക് സഹായകമാകുന്നതോ ആയ അപ്രകാരമുള്ള പൊതുവായതോ പ്രത്യേകമായിട്ടുള്ളതോ ആയ നയപരമായ നിർദ്ദേശങ്ങൾ, അതതുസമയങ്ങളിൽ ബോർഡിന് നൽകാവുന്നതും ബോർഡ് അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകുന്നതിന് മുമ്പ്, ബോർഡിന് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള ഒരവസരം നൽകേണ്ടതാണ്.

(2) ഒരു സംഗതി നയപരമായ ഒന്നാണോ അല്ലയോ എന്നത് സംബന്ധിച്ച സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

** ** ** **

92. തുറമുഖ പരിധികൾ പ്രഖ്യാപിക്കൽ.—ജലമാർഗങ്ങളോടും ഉപയോഗിക്കുന്നവരുടെ സൗകര്യങ്ങളോടുംകൂടിയ തുറമുഖ സൗകര്യങ്ങളുടെ സുസ്ഥിര വികസനവും ഏകോപനവും ഉറപ്പുവരുത്തുന്നതിനായി ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായി കൂടിയാലോചിച്ചതിനുശേഷം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട തുറമുഖങ്ങൾക്കായുള്ള തുറമുഖപരിധി തയ്യാറാക്കാവുന്നതാണ്.

** ** ** **